## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 586

08.07.2013-ലെ മറുപടിക്ക്

# തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ലഭ്യമാക്കുന്ന ഗ്രാന്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ബാബു എം.പാലിശ്ശേരി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് ;<br><br>ബി) ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ലഭിച്ചാൽ എത്ര ദിവസത്തിനകം ആയത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട് ; | എ) & ബി) | വികസനത്തിനും അഭിവൃദ്ധി പ്പെടുത്തലിനുമായി ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭ കൾക്കും മുനിസിപ്പൽ കോർപ്പറേ ഷനുകൾക്കും വർഷാവർഷം സംസ്ഥാന ബഡ്ജറ്റിലൂടെ അനുവദിക്കുന്ന ഫണ്ടിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റുകൾ കൂടിചേർത്താണ് നൽകി വന്നിരുന്നത്. ഇത് 2011-12 കേന്ദ്ര ധനകാര്യ കമ്മിഷൻ നിർദ്ദേശാനു സരണം പ്രത്യേകമായി വർഷത്തിൽ രണ്ടു തവണകളായി കേന്ദ്രത്തിൽ നിന്നും ലഭിച്ച് മൂന്നു ദിവസത്തിനുള്ളിലോ എല്ലാ ജനുവരി, ജൂലൈ മാസങ്ങളിലെ ആദ്യ ആഴ്ചയിലോ ധനവകുപ്പ് മേൽ പറഞ്ഞ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വച്ച് നൽകേണ്ടതുണ്ട്. 2012-13 മുതൽ ഇതിൽ ജൂലൈയിലെ (രണ്ടാം) തവണ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് കിട്ടിയതിനു ശേഷമോ ജനുവരി ഒന്നാം ആഴ്ചയിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യും എന്ന് ധനവകുപ്പ് ഉത്തരവായിട്ടുണ്ട്.<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് / അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും. യഥാസമയം ലഭിക്കുന്നതിനുള്ള കാലതാമസം മൂലം 2012-13 വർഷത്തെ 1-ാം ഗഡു ജൂലൈ മാസത്തിൽ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |

| | |
|---|---|
| സി) 2012-2013 ൽ ഇത് ലഭിച്ചത് എപ്പോഴായിരുന്നു ; സ്ഥാപനങ്ങൾക്ക് നൽകിയത് എപ്പോഴായിരുന്നു ; | സി) പഞ്ചായത്ത് സ്ഥാപനങ്ങൾക്കുള്ള ജനറൽ പെർഫോമൻസ് ഗ്രാന്റിന്റെ 1-ാം ഗഡു 19/03/13-ലും, നഗര ഭരണ സ്ഥാപനങ്ങൾക്കുള്ള ഒന്നാം ഗഡു 30/03/2013-ലും ലഭിച്ചു. പ്രാദേശിക സർക്കാരുകൾക്കുള്ള അടിസ്ഥാന (basic) ഗ്രാന്റിന്റെ 1-ാം ഗഡു 09/07/2012-ൽ ലഭിച്ചു. കൂടാതെ, മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കാത്തതിന്റെ പേരിൽ മറ്റു സംസ്ഥാനങ്ങൾക്ക് നഷ്ടപ്പെട്ട forfeited) നഗരഭരണ സ്ഥാപനങ്ങൾക്കുള്ള ജനറൽ പെർഫോമൻസ് ഗ്രാന്റ് വിഹിതം 30/03/2013ലും ലഭിക്കുകയുണ്ടായി. 09/07/2012-ൽ കേന്ദ്ര സർക്കാർ റിലീസ് ചെയ്ത തുക 25/07/2012-ൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചു നൽകി. മറ്റു വിഹിതങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിനുമുമ്പ് തന്നെ 04/01/13 ൽ പ്രാദേശിക സർക്കാരുകൾക്ക് നൽകുകയുണ്ടായി. |
| ഡി) 2013-14 ലെ ഗ്രാന്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; അവ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയത് എപ്പോഴാണ് ; | ഡി) 2013-14 ൽ കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചിട്ടില്ല. |
| ഇ) ഗ്രാന്റ് കൃത്യ സമയത്ത് തന്നെ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച ഉണ്ടായത് ആരുടെ ഭാഗത്തു നിന്നാണ് ; വിശദമാക്കുമോ ? | ഇ) 2012-13 വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒന്നാം ഗഡു അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് / അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം ലഭിക്കുന്നതിനുണ്ടായ കാലതാമസം മൂലമാണ് കൃത്യസമയത്ത് ഗ്രാന്റ് വിതരണം ചെയ്യാൻ കഴിയാതിരുന്നത്. മിക്ക സന്ദർഭങ്ങളിലും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിനു മുമ്പു തന്നെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ